**File No.LSGD-EPB3/366/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ. (ഇകെഎം) നം.2018/2019-ന്മേലുള്ള 19.11.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2234/2020/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 27/11/2020**

---

പരാമർശം:- 1 ശ്രീ. സന്തോഷ് കെ, ശ്രീ. ടി.പി. വേണുഗോപാൽ എന്നിവർ സമർപ്പിച്ച 07.09.2019-ലെ നിവേദനങ്ങൾ (അനക്ഷർ എ7 & എ8 )

2 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) 2018/2019-ന്മേലുള്ള 19.11.2019-ലെ വിധിന്യായം

**<u>ഉത്തരവ്</u>**

വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. സന്തോഷ്, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി. പി. വേണുഗോപാൽ എന്നിവരെ സസ്പെന്റ് ചെയ്തുകൊണ്ട് പുറപ്പെടുവിച്ച പഞ്ചായത്ത് ഡയറക്ടറുടെ 05-03-2019-ലെ ഉത്തരവിനെതിരെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ സർക്കാരിൽ നിവേദനം സമർപ്പിക്കുകയും, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഒ.എ. ഫയൽ ചെയ്യുകയും ചെയ്തിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ്, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ എന്നിവരെ നേരിൽ കേൾക്കുകയും നേരിൽ കേട്ട വേളയിൽ ബോധ്യപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ സസ്പെൻഷൻ അടിയന്തിരമായി പിൻവലിച്ച് സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും കൂടാതെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തി അതിന്റെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനും സ.ഉ.(സാധാ) നം.1914/2019/തസ്വഭവ തീയതി 03.09.2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവിനെതിരെ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ്, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 2018/2019-ന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായിട്ടുണ്ട്.

"In view of the facts noted above, the Original Application is disposed of directing the first respondent to consider and pass appropriate orders on Annexures A7 and A8, within a period of one month from the date of receipt of a certified copy of this order. In the meanwhile, the first respondent will also consider the request of the applicant, to keep the enquiry proceedings in abeyance, till such time as orders are issued on Annexures A7 and A8."

വടകരപ്പതി ഗ്രാമപഞ്ചായത്തിൽ നടന്നിട്ടുള്ള എല്ലാ ക്രമ നീക്കങ്ങൾക്കും പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ മൗനാനുവാദവും സഹായങ്ങളും ഉണ്ട് എന്ന് കരുതുന്നതിനാൽ പ്രസ്തുത അന്വേഷണം നീതിപൂർവ്വമാകുമെന്ന് കരുതുന്നില്ലായെന്നും ആയതിനാൽ പ്രസ്തുത ഉത്തരവ് വടകരപ്പതി ഗ്രാമപഞ്ചായത്തിൽ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തിക്കാൻ എന്ന് മാറ്റി ഉത്തരവ് പുറപ്പെടുവിക്കണമെന്നും എന്നുമാണ് അനക്ഷർ എ7, എ8 നിവേദനങ്ങളിൽ അഭ്യർത്ഥിച്ചിരിക്കുന്നത്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാർക്കെതിരായ അച്ചടക്ക നടപടിയിൽ, കുറ്റാരോപിതരായ ജീവനക്കാർക്കെതിരെ ആരെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് തീരുമാനിക്കുന്നത് സർക്കാരാണ്. എന്നിരുന്നാലും പരാമർശം 2ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ പ്രസ്തുത വിധിന്യായം സർക്കാരിൽ ലഭ്യമാകുമ്പോൾ തന്നെ അപേക്ഷകന്റെ അപേക്ഷയിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. അതായത് സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് വിഭാഗം തന്നെയാണ് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ്, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ എന്നിവർ പരാമർശം (1) പ്രകാരം സമർപ്പിച്ച അനക്ഷർ A7, A8 എന്നീ അപേക്ഷകളിലെ ആവശ്യം പരിഹരിക്കപ്പെട്ടിട്ടുള്ളതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സന്തോഷ് കെ., മുൻ സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. ശ്രീ. ടി.പി. വേണുഗോപാൽ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/366/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SU[illegible]HEER S S
Date: 2020.11.30 [illegible]7:41 IST
Reason: Approved

സെക്ഷൻ ഓഫീസർ